ശ്രീ ഇ. ചന്ദ്രശേഖരൻ നായർ : എല്ലാ കാർപ്പറേഷനുകൾക്കും ഗ്രാന്റു കൊടുക്കുന്നതിൽനിന്നും നമുക്കു കുറേണ്ടിയിരുന്ന ഗ്രാന്റിന്റെ വിഹിതം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്നും ട്രാൻസ്പോർട്ട് കാർപ്പറേഷൻ ചെയർമാന്റെ തന്നെ ഒരു പ്രസ്താവന കണ്ടു. ഗ്രാന്റിന്റെ വിഹിതം കുറവായതുകൊണ്ടോണോ ലോൺ എടുക്കേണ്ടിവരുന്നത് ; ഗ്രാന്റിന്റെ വിഹിതം കൂട്ടുന്നതിനും ശ്രമം നടത്തിക്കൂടേ ?

ശ്രീ ഇ കെ ഇമ്പിച്ചിബാവ : പുതുതായിട്ട് പല പരിപാടികളും ഉള്ളതുകൊണ്ടാണ് ലോണെടുക്കേണ്ടിവന്നത്. ഇന്നുള്ള വരുമാനം കൊണ്ടതന്നെ നടപ്പിലാക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് ലോൺ വാങ്ങിയിട്ടുള്ളത്.

ശ്രീ. എൻ കെ. ശേഷൻ : ട്രാൻസ്പോർട്ട് കാർപ്പറേഷനിലേക്ക് അഞ്ചു കൊല്ലത്തേക്കോ പത്തു കൊല്ലത്തേക്കോ വല്ല ഫെയ്സ്ഡ് പ്രോഗ്രാമും ഉണ്ടോ ; അതോ കിട്ടുന്ന പണമുപയോഗിച്ച് വേണ്ട സമയത്തു വേണ്ടപോലെ ചെലവാക്കുന്ന പദ്ധതിയാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ : ഇഷ്ടംപോലെ ചെലവാക്കാൻ പാടില്ല. ചില സ്കീമുകളും തയ്യാറാക്കി അതനുസരിച്ചാണ് ചെലവാക്കുന്നത്. സെക്രട്ടേറിയറ്റിലെ മൂന്നോ നാലോ ഐ. എ. എസ്. ഉദ്യോഗസ്ഥന്മാർ ബോർഡു മെമ്പറന്മാരാണ്. കൂടാതെ ഉത്തരവാദപ്പെട്ട പലരും ബോർഡിൽ അംഗങ്ങളാണ്. അവർ സ്ക്രൂട്ടിനൈസുചെയ്ത പരിപാടിയനുസരിച്ചാണ് ചെലവു നടത്തുന്നത്.

എ. ഐ. സി. സി. സമ്മേളനം

* 190. [690] ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ
,, വി. എസ്. അച്യുതാനന്ദൻ
,, ടി. കെ. രാമകൃഷ്ണൻ
,, എം. സദാശിവൻ
,, ടി. എം. മീതിയൻ
,, പി. പി. കൃഷ്ണൻ
,, ആർ. കൃഷ്ണൻ (പാലക്കാട്)
,, എൻ. വാസുദേവൻ പിള്ള
,, പാലൊളി മുഹമ്മദുകുട്ടി
,, ടി. കെ. കൃഷ്ണൻ
,, എ. എസ്. എൻ. നമ്പീശൻ
,, പി. കുഞ്ഞൻ
,, ആർ. കൃഷ്ണൻ (ആലത്തൂർ)
,, എ. വി. ആര്യൻ
,, എസ്. ദാമോദരൻ
,, സി. ഗോവിന്ദപ്പണിക്കർ
,, ഇ. ബാലാനന്ദൻ
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ
,, പി. കെ കുഞ്ഞച്ചൻ
,, എം. കെ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1966–ൽ എറണാകുളത്തുവച്ചു നടന്ന എ. ഐ. സി. സി. സമ്മേളനത്തോടനുബന്ധിച്ച് എറണാകുളം റസ്കൃ ഷെഡ്ഡിലുള്ള അന്തേവാസികളെക്കൊണ്ട് നിർബ്ബന്ധിതമായി പണിയെടുപ്പിച്ചു എന്നുള്ള ആക്ഷേപത്തെക്കുറിച്ചന്വേഷിക്കുന്നതിനുത്തരവിട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അന്വേഷണക്കമ്മീഷനായി നിയമിച്ചതാരെയാണെന്നു വെളിപ്പെടുത്തുമോ ;

(സി) അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ) ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കുന്നതിനു് ഉത്തരവിട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : 1966-ൽ എറണാകുളത്തു് വച്ചു നടന്ന എ. ഐ. സി. സി. സമ്മേളനത്തോടനുബന്ധിച്ചു എറണാകുളം റെസ്കൃ ഷെൽട്ടറിലെ ഏതാനും സ്ത്രീകളായ അന്തേവാസികളെ നിർബ്ബന്ധമായി പണി എടുപ്പിക്കുന്നതിനുവേണ്ടി എ. ഐ. സി. സി. യിൽ പങ്കെടുക്കാൻ വന്ന നേതാക്കന്മാരെ താമസിക്കുന്ന സ്ഥലങ്ങളിലേക്കു് വിളിച്ചുകൊണ്ടുപോയി എന്ന വാർത്ത ശരിയാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ സംഗതി കഴിഞ്ഞ കൊല്ലം തന്നെ എന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഞാൻ പേഴ്സനലായിട്ടു് അന്വേഷിക്കുകയുണ്ടായി. അവിടെ അന്വേഷിച്ചതിൽനിന്നും മനസ്സിലായതു് ഒരു പെൺകുട്ടിയെ കൊണ്ടു പോയിരുന്നു എന്നാണു്. ആ കുട്ടി അവിടെ പണി എടുത്തിരുന്നു. ഇതിനെ സംബന്ധിച്ചു് ആവലാതി കിട്ടിയിട്ടാണു് ഞാൻ അന്വേഷിച്ചതു്. ഇതു് വളരെ മോശവും നിർഭാഗ്യകരവുമായ നടപടിയായിപ്പോയി. എ. ഐ. സി. സി. സമ്മേളനത്തിലെന്നല്ല ലോകത്തിലെ ഏതു സംഘടനയായാലും—എന്റെ പാർട്ടിയായാലും, എന്റെ പാർട്ടി അങ്ങനെ കൊണ്ടുപോവുകയില്ല.—എങ്കിലും ഏതു പാർട്ടിയുടെ സമ്മേളനത്തിലായാലും പെൺകുട്ടികളെ അയച്ചുകൂടെന്നു് പ്രത്യേകിച്ചും റെസ്കൃ ഷെൽട്ടറുകളിലുള്ള ആളുകളെ അയച്ചുകൂടെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ഇപ്പോൾ അതു് പാലിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നമ്മുടെ റെസ്കൃ ഷെൽട്ടറുകളിൽനിന്നും അന്തേവാസികളെ കൊണ്ടുപോകരുതെന്നു് വല്ല നിയമവുമുണ്ടോ ; ഇല്ലെങ്കിൽ നിയമവിരുദ്ധമായി കൊണ്ടുപോയിട്ടുള്ളതാണെങ്കിൽ അങ്ങനെ അയച്ച ആളുകൾക്കെതിരായി നടപടികളെടുക്കാൻ ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടോ ; അവിടെ എന്തു ജോലിയാണു് നിർബ്ബന്ധിച്ചിരുന്നതെന്നുള്ളതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രിക്കു് എന്തെങ്കിലും വിവരം കിട്ടിയിട്ടുണ്ടോ ? കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തു് ചോദിച്ച ഒരു ചോദ്യത്തിനു കിട്ടിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിലാണു് ഈ ചോദ്യം ചോദിച്ചിരിക്കുന്നതു്. ഇതിനെപ്പറ്റി അന്വേഷിക്കുന്നതാണെന്നു് അന്നു കിട്ടിയ മറുപടിയുടെ അടിസ്ഥാനത്തിൽ അന്വേഷണവിവരം അറിയാൻവേണ്ടിയാണു് ഈ ചോദ്യം ചോദിച്ചതു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ റെസ്കൃ ഷെൽട്ടറിന്റെ ഭരണകാര്യങ്ങളും നോക്കുന്നതിനു വേണ്ടിയിട്ടു് ഒരു കമ്മിറ്റിയുണ്ടു്. ആ കമ്മിറ്റിക്കു് ഒരു ചെയർമാനുമുണ്ടു്. ഈ ചെയർമാന്റെ നിർദ്ദേശം അനുസരിച്ചാണു് കാര്യങ്ങളും നടക്കുന്നതു്. ഇതിനു് ഒരു സൂപ്രണ്ടും ഉണ്ടു്. നിർഭാഗ്യവശാൽ എറണാകുളം റെസ്കൃ ഷെൽട്ടറിന്റെ കാര്യങ്ങളും നോക്കുന്ന ചെയർമാൻ സൂപ്രണ്ടിനെ തെറ്റായ ഈ നടപടിക്കു പ്രേരിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. അങ്ങനെ ചെയ്യാൻ പാടില്ലാത്തതാണെന്നു് അവർക്കുതന്നെ പിന്നീടു ബോദ്ധ്യം വന്നു. അതിനെസംബന്ധിച്ചു വ്യസനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. അവർ നിരപരാധിയാണെന്നാണു് തോന്നുന്നതു്. പക്ഷേ ചെയർമാൻ അവരുടെ അധികാരത്തെ ദുരുപയോഗപ്പെടുത്തുക

LIBRARY ARCHIVES Kerala Legislative Assembly

യാണുണ്ടായത്. ചെയർമാൻ കോൺഗ്രസ് അനുഭാവമുള്ള ആളായതുകൊണ്ടാണ് അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളതെന്നാണ് തോന്നുന്നത്. ഏതായാലും മേലിൽ ഇങ്ങനെ വരാൻ പാടില്ലെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ : സർ, ഇതിനെ സംബന്ധിച്ച് അന്വേഷണത്തിനു ത്തരവിട്ടിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. എ. വി ആര്യൻ : ചോദ്യം കൊടുത്ത ആളുകൾക്ക് ചോദിക്കാനുള്ള സൗകര്യം നൽകേണ്ടതല്ലേ ?

ശ്രീ. ടി എം. മീതിരൻ: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി ചെയർ മാന്റെ നിയന്ത്രണത്തിലാണ് എ. ഐ. സി. സി. സമ്മേളനത്തിൽ ജോലിയെടു ക്കാൻ ഈ സ്ത്രീയെ വിട്ടതെന്ന്. ആ ചെയർമാന്റെ പേര് ഒന്നു വെളിപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ: നിങ്ങൾക്കൊക്കെ പരിചയമുണ്ടാകുമെന്നു കരു തിയാണ് പറയാതിരുന്നത്. സുബ്രഹ്മണ്യകുമാരി ആർ. മേനോൻ എന്നാണ് പേര്.

ശ്രീ. ടി. കെ. കൃഷ്ണൻ: സുപ്രണ്ടിന്റെ പേര് പറയാമോ ?

ശ്രീ ഇ കെ. ഇമ്പിച്ചിബാവ: മിസിസ് ജാനകി.

ശ്രീ. എ. വി ആര്യൻ: ജോലിക്കുകൊണ്ടുപോയ ഈ സ്ത്രീ കോൺഗ്രസ് പ്രസിഡൻറായ ശ്രീ. നിജലിംഗപ്പ, ശ്രീ. കാമരാജ്, ശ്രീ. ജഗജ്ജീവൻറാം തുടങ്ങിയ ആളുകളുടെ കപ്പാർട്ടേഴ്സിൽ നടത്തിയ വിശിഷ്ടസേവനത്തിന്റെ പ്രതിഫലമായി എന്തെങ്കിലും ജോലി കിട്ടിയിട്ടുണ്ടോ; ഈ സ്ത്രീ ഇപ്പോൾ എവിടെയാണെന്നറി യാമോ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : ഏതെല്ലാം ആളുകളുമായി ബന്ധപ്പെട്ടി ട്ടുണ്ടെന്നും എനിക്ക് പറയാൻ വിഷമമില്ല. അവർ ആ വിധത്തിൽ ഇടപെടുമെന്നും ഞാൻ ധരിക്കുന്നില്ല. ആ സ്ത്രീ ഇപ്പോൾ ഇവിടെനിന്നും പോയിട്ടുണ്ട്.

ശ്രീ എ. വി. ആര്യൻ: എന്റെ ചോദ്യം ആ സ്ത്രീ ഇപ്പോൾ എവിടെയാണെ ന്നറിയാമോ എന്നതാണ്. ആ സ്ത്രീക്ക് ഇപ്പോൾ ബീഹാറിൽ ഒരു മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജോലി കിട്ടിയിട്ടുണ്ടെന്നും വിവരം ഉണ്ട്. അതിനെ പ്പറ്റി അന്വേഷിക്കാമോ?

Mr. Speaker: You are giving information to the Minister.

ശ്രീ. കെ. കരുണാകരൻ : എന്തുകൊണ്ടാണ് അന്വേഷണഉത്തരവ് പുറപ്പെട വിക്കാതിരുന്നത് ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ: വളരെ വ്യക്തമായി പെട്ടെന്നുതന്നെ കിട്ടുന്ന വിവരങ്ങളായതുകൊണ്ടും മറ്റൊന്നും തന്നെ ഒളിച്ചുവച്ചിട്ടില്ലാത്തതുകൊണ്ടും ആണ് ഞാൻ പറയാതെ അന്വേഷിച്ചത്. അതിനുപരിയായി അന്വേഷിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെങ്കിൽ അതിനു തയ്യാറാണ്.

ശ്രീ. കെ. കരുണാകരൻ: മന്ത്രി അന്വേഷിച്ചിട്ടുണ്ടോ എന്നല്ല. അന്വേഷണ ത്തിനു ഉത്തരവിട്ടിട്ടുണ്ടോ എന്നാണ് ചോദിച്ചത്. ഇല്ലെങ്കിൽ ഉടനെ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ: ബഹുമാനപ്പെട്ട മെമ്പർക്ക് എന്റെ അന്വേഷ ണത്തിൽ വിശ്വാസം പോരാത്തതാണ്. ഏതായാലും വിശദമായ അന്വേഷണം പൂർത്തിയായശേഷം ഈ സഭയുടെയും അങ്ങയുടെയും മുമ്പിൽ അതിന്റെ റിപ്പോർട്ട് നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : മന്ത്രി എങ്ങനെയാണ് അന്വേഷിച്ചിട്ടുള്ളത്; നോട്ടീസ് അയച്ച് ആളുകളെ വരുത്തിയാണോ; റെസ്ക്യൂഷെൽട്ടറിൽ പോയിട്ടാണോ; അതോ സ്വർണ്ണകുമാരിയുടെ വീട്ടിൽചെന്നാണോ അന്വേഷിച്ചത്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എനിക്ക് സ്വർണ്ണകുമാരിയുടെ വീട്ടിൽചെന്ന് അന്വേഷിക്കേണ്ട ആവശ്യമൊന്നുമില്ല. ഞാൻ മന്ത്രിയെന്നുള്ള നിലയിൽ എന്റെ കീഴുദ്യോഗസ്ഥന്മാരോടുകൂടി (ജയിൽ ഐ. ജി, സൂപ്രണ്ട്) പോയി എല്ലാ കൂട്ടികളെയും ഒന്നിച്ചുനിർത്തി അന്വേഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓപ്പൺ ആയിട്ടുള്ള അന്വേഷണമായിരുന്നു. അല്ലാതെ ആരുടെയും വീട്ടിൽ പോയിട്ടില്ല. ഷെൽട്ടറിൽ വച്ചായിരുന്നു.

ശ്രീ. കെ. എം. ജോർജ്ജ് : ഇതുപോലെയുള്ള ഒരു കാര്യത്തെസംബന്ധിച്ച് മന്ത്രിതന്നെ നേരിട്ടന്വേഷിക്കാതെ ഉദ്യോഗസ്ഥന്മാരെകൊണ്ട് അന്വേഷിപ്പിക്കണമെന്ന് തോന്നാത്തതു എന്തുകൊണ്ടാണ്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എനിക്ക് ബോദ്ധ്യമാകുന്ന അന്വേഷണമാണ് ആവശ്യം. എന്നെത്തന്നെ സാറ്റിസ്ഫൈ ചെയ്യുകയെന്നുള്ളതു എന്നെസംബന്ധിച്ചിടത്തോളം ആവശ്യമുള്ളതാണ്. ഉത്തരവാദിത്വബോധത്തോടുകൂടി അക്കാര്യം കൈകാര്യം ചെയ്യാൻ എനിക്ക് കഴിവുണ്ട്. ആ നിലയിൽ ഞാൻ പോയി നല്ലവണ്ണം അന്വേഷിച്ച് അതിൽനിന്നാണ് ഇതെല്ലാം കാര്യങ്ങളും മനസ്സിലാക്കിയതു. എനിക്ക് ദോഷകരമായി എന്തെങ്കിലും ഉണ്ടാക്കാൻ ഇതിൽനിന്നും നിങ്ങൾക്ക് സാദ്ധ്യമല്ല.

ശ്രീ. കെ. ടി. ജോർജ്ജ്: ഈ സംഭവം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് അന്വേഷിച്ചു എന്നു പറയുകയുണ്ടായി. അന്വേഷണത്തിൽനിന്നും ഈ സ്ത്രീ എന്തു ജോലിയാണ് ചെയ്തിട്ടുള്ളതെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അവിടെ കേറ്ററിംഗ് ഏർപ്പാടിനുവേണ്ടിയാണ് വിളിച്ചുകൊണ്ടുപോയിട്ടുള്ളതു. അതിനുപരിയായി എന്താണ് നടന്നിട്ടുള്ളതെന്ന് എനിക്ക് അറിയാൻ കഴിഞ്ഞിട്ടില്ല. പിന്നെ ശ്രീമതി ഇന്ദിരാഗാന്ധിയെപ്പോലെയുള്ള മഹതികളും അവിടെയുണ്ടായിരുന്നു. ഈ സ്ത്രീ അവരുടെ അടുക്കലായിരുന്നുവെന്നും അല്ലായിരുന്നുവെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്.

ശ്രീ. പി. രവീന്ദ്രൻ: ഈ സ്ത്രീ സേവനം അനുഷ്ഠിച്ചിട്ടുള്ളതിന് എന്തെങ്കിലും വേതനം നൽകിയിട്ടുള്ളതായി അറിഞ്ഞിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഒരു വേതനവും നൽകിയിട്ടുള്ളതായി റിക്കാർഡുകളിൽ ഇല്ല.

ശ്രീ. പി. പി. വിത്സൺ: റെസ്ക്യൂ ഷെൽട്ടറുകളും ഏതുതരം സ്ത്രീകളെ ഉദ്ദേശിച്ചാണ് ഗവണ്മെന്റ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പലതരത്തിലും കുഴപ്പങ്ങളെല്ലാംവന്ന് തെരുവുകളിൽ തെണ്ടിനടക്കുന്ന സമയത്തു പോലീസ് പിടിച്ച് ശിക്ഷിച്ച്വരുന്ന സ്ത്രീകളാണ് അവിടെ ഉള്ളതു. അവർ ഈ സമൂഹത്തിലെ ഏറ്റവും മോശമായ നിലയിൽ കഷ്ടപ്പെടുന്ന പെൺകുട്ടികളാണ്. അവരെക്കൂടി ശിക്ഷിക്കുന്ന പ്രവണത ഉണ്ടാക്കരുതെന്നുവിചാരിച്ചാണ് എല്ലാപേരും വളരെ ശക്തിയായി ഈ ചോദ്യങ്ങൾ ചോദിക്കുന്നതെന്ന് എനിക്ക് മനസ്സിലായി.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : നിരവധി റസ്ക്യൂഷെൽട്ടറുകളിൽ അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടി പല അനിഷ്ടസംഭവങ്ങളും ഉണ്ടാകുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് കൊല്ലം നഗരത്തിൽ നടന്ന സംഭവം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. ഇതിന്റെ അടിസ്ഥാനത്തിൽ റസ്ക്യൂ

ഷെൽട്ടറിന്റെ പ്രവർത്തനം കാര്യക്ഷമമാണോ എന്നു് അന്വേഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും കാര്യമായ അന്വേഷണം ഗവണ്മെന്റു് നടത്തിയിട്ടുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ വർത്തികെട്ട ചോദ്യം അങ്ങു നിർത്തണം. എന്തൊരു വർത്തികേടാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതിനെസംബന്ധിച്ചിടത്തോളം ഒന്നിലധികം ചോദ്യങ്ങളും വരുന്നതു് നല്ലതാണെന്നാണു് ഞാൻ കരുതുന്നതു്. കൊല്ലത്തു നടന്ന കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണു്. ഞാൻ മന്ത്രിയാകുന്നതിനു മുൻപുവരെ നമ്മുടെ സംസ്ഥാനത്തു സ്വീകരിച്ചിട്ടുള്ള നയം ഈ ഷെൽട്ടറുകളിൽനിന്നും സ്ത്രീകളെ മാന്യന്മാരുടെ വീട്ടിലേക്കു് ജോലിചെയ്യാൻ അയയ്ക്കുകയെന്നതാണു്. അതുമൂലം അവർക്കു ചില്ലറ സംഖ്യകളും കിട്ടും. അതു് അവരുടെ കാര്യങ്ങൾക്കു് ഉപയോഗിക്കുകയും ചെയ്യും. മാന്യന്മാരായ ആളുകളെ കണ്ടുപിടിച്ചാണു് ഇങ്ങനെ അയയ്ക്കുന്നതു്. ഇതുപോലെ കൊല്ലത്തും അയയ്ക്കുകയുണ്ടായി. അതിനെ സംബന്ധിച്ചിടത്തോളം തെറ്റായോ ശരിയായോ പലതരത്തിലുള്ള വികാരങ്ങളും ഉൾക്കൊണ്ട മെമ്മോറാണ്ടങ്ങളും ലഭിക്കുകയുണ്ടായി. ആ രീതിയിലുള്ള മെമ്മോറാണ്ടങ്ങളും വന്നതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിച്ചു. അന്വേഷിച്ചപ്പോൾ ചില വീടുകളിൽ പോകുന്നുണ്ടെന്നും തെറ്റായോ ശരിയായോ ചില അഭിപ്രായപ്രകടനങ്ങളും ഉണ്ടെന്നും മനസ്സിലായി. അതിന്റെ അടിസ്ഥാനത്തിൽ മേലാൽ ഈ സ്റ്റോറിൽ റസ്ക്യൂ ഷെൽട്ടറുകളിൽനിന്നും ഒരു പെൺകുട്ടിയേയും വീടുകളിൽ ജോലിക്കു് അയയ്ക്കരുതെന്നും അതിനുവേണ്ടിവരുന്ന എത്ര തുകയും ചെലവാക്കാൻ ഈ സ്റ്റോറുഗവണ്മെന്റു് തയ്യാറാണെന്നും കല്പനകൊടുത്തുകഴിഞ്ഞിരിക്കുകയാണു്.

ശ്രീ. കെ. കെ. അബു: ഇത്തരം അബലാമന്ദിരങ്ങളിലെ യുവതികളെ ലക്ഷക്കണക്കിനു്, മുതലാളിമാരുടെ വീടുകളിൽ പറഞ്ഞയച്ചു് അവർക്കു് വേതനം വാങ്ങിച്ചുകൊടുപ്പിച്ചിട്ടു് ഗ്രാന്റായികിട്ടുന്ന തുക സൂപ്രണ്ടന്മാർ അപഹരിക്കുന്നതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ. ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതുപോലുള്ള സംഗതികളും ശ്രദ്ധയിൽപെട്ടിട്ടില്ല. അന്വേഷിക്കാം.

ശ്രീ. കെ. എം. മാണി: സമൂഹത്തിന്റെ അടിത്തട്ടിൽ കിടന്നു് ചീത്തപ്രവൃത്തികളുംചെയ്യുന്നു് തിരസ്കൃതരായി ആക്ഷേപിക്കപ്പെട്ടു് റസ്ക്യൂ ഷെൽട്ടറിന്റെ ഇടുങ്ങിയ ഭിത്തികൾക്കുള്ളിൽ കഴിയാതെ ഏതെങ്കിലും മുതലാളിമാരുടെ ബംഗ്ലാവിൽ സർവ്വീസ്ചെയ്തു് ശമ്പളംവാങ്ങിക്കുന്നതു് നല്ലതല്ലേ അതിൽ എന്താണു് ആക്ഷേപകരമായിട്ടുള്ളതു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: രാഷ്ട്രീയാഭിപ്രായം എന്തുതന്നെയുണ്ടായിരുന്നാലും എ. ഐ. സി. സി. ചീത്തയാണെന്നു് ഞാൻ ഒരിക്കലും പറയുകയില്ല. എന്നെക്കൊണ്ടു് പറയിപ്പിക്കുകയും ചെയ്യരുതു്.

ശ്രീ. എ. വി. ആര്യൻ: കോഴിക്കോട്ടെ റസ്ക്യൂ ഷെൽട്ടറിലെ സൂപ്രണ്ടു പണം അപഹരിച്ചതായുള്ള ആരോപണമടങ്ങിയ ഒരു മെമ്മോറാണ്ടം ഞാൻതന്നെ ബഹുമാനപ്പെട്ട മന്ത്രിക്കു സമർപ്പിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ അതിനെപ്പറ്റി അന്വേഷിക്കുകയും ചെയ്തു. എന്തു നടപടി സ്വീകരിച്ചു എന്നു പറയാൻ തയ്യാറുണ്ടാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അവിടെ റസ്ക്യൂ ഷെൽട്ടറില്ല. മാന്യ മെമ്പർ എന്നോടുപറഞ്ഞതു് ഒരു ആർഗനൈസേഷന്റെ കാര്യമാണു്. അതിനെപ്പറ്റി അന്വേഷിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly